പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1198 **15-10-2026-ൽ മറുപടിയ്ക്ക്**

പി.എം. ശ്രീ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. രാജീവ് ചന്ദ്രശേഖർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) കേന്ദ്ര സർക്കാറിന്റെ വിദ്യാഭ്യാസ വികസന പദ്ധതിയായ പി.എം ശ്രീ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ നിലപാട് വ്യക്തമാക്കാമോ;

മറുപടി: മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പി.എം.ശ്രീ. പദ്ധതി ആരംഭിക്കുന്നതിന് പദ്ധതിയുടെ ധാരണാപത്രത്തിൽ സംസ്ഥാനം 2025 ഒക്ടോബറിൽ ഒപ്പുവച്ചിട്ടുണ്ട്. ധാരണാ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് ഏകപക്ഷീയമായി പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതു താൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Department of School Education and Literacy (DoSEL) യ്ക്ക് മാത്രമായിരിക്കും.

സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ല എന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. മേൽ സാഹചര്യത്തിൽ പി.എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.06.2026 ലെ ജി.ഒ.(എം.എസ്) നം.107/2026/പൊ.വി.വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

(ബി) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംസ്ഥാന സർക്കാറുമായി ഒപ്പുവെക്കേണ്ട ധാരണാപത്രത്തിന്റെ (എം.ഒ.യു.) നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പി.എം.ശ്രീ. പദ്ധതി ആരംഭിക്കുന്നതിന് പദ്ധതിയുടെ ധാരണാപത്രത്തിൽ സംസ്ഥാനം 2025 ഒക്ടോബറിൽ ഒപ്പുവച്ചിട്ടുണ്ട്. ധാരണാ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് ഏകപക്ഷീയമായി പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതു താൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Department of School Education and Literacy (DoSEL) യ്ക്ക് മാത്രമായിരിക്കും.

സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ല എന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. മേൽ സാഹചര്യത്തിൽ പി.എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.06.2026 ലെ ജി.ഒ.(എം.എസ്) നം.107/2026/പൊ.വി.വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാത്തത് മൂലം സമഗ്ര ശിക്ഷാ അഭിയാൻ (എസ്. എസ്. എ.) വഴി സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ഫണ്ട് തടസ്സപ്പെടുകയോ അനിശ്ചിതത്വത്തിലാവുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

<u>മറുപടി:</u> പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാത്തതിനാൽ, സമഗ്ര ശിക്ഷാ കേരളം (SSK), പി.എം.ജൻമൻ (PM JAN MAN), ഡി എ ജെ ജി യു എ (DAJGUA), ഡയറ്റ്സ് ഓഫ് എക്സലൻസ് (DIETs of Excellence) എന്നീ പദ്ധതികൾ മുഖേന സംസ്ഥാനത്ത് ലഭ്യമാകേണ്ടിയിരുന്ന കേന്ദ്ര വിഹിതം തടഞ്ഞുവെച്ചിരിക്കുകയാണ്. 2023-2024 മുതൽ ഇത്തരത്തിൽ സംസ്ഥാനത്തിന് ലഭ്യമാകാനുള്ള തുകയുടെ വിശദാംശം **അനുബന്ധം** ആയി ചേർക്കുന്നു.

(ഡി) വിദ്യാർത്ഥികളുടെ അക്കാദമിക മികവിനും സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഉപകരിക്കുന്ന ഈ പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> പി.എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.06.2026 ലെ ജി.ഒ.(എം.എസ്) നം.107/2026/പൊ.വി.വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

(തുക കോടിയിൽ)

ക്രമ നം.	പദ്ധതി	വർഷം	അംഗീകരിച്ച അടങ്കൽ തുക	ആനുപാതിക കേന്ദ്ര വിഹിതം (60%)	ലഭിച്ച കേന്ദ്ര വിഹിതം	കേന്ദ്ര വിഹിതം ലഭിക്കാനുള്ളത്
1.	SSK	2023-2024	702.72	421.63	141.06	280.57
2.	SSK	2024-2025	855.90	513.54	0	513.54
3.	SSK	2025-2026	761.08	456.65	99.27	357.38
4.	SSK	2026-2027	722.79	433.67	0	433.67
5.	PM JANMAN	2023-2024 2024-2025	10.33	6.198	0.60	5.598
6.	DIET's of Excellence	2023-2024	21.44	12.864	0	12.864
7.	DA JGUA	2024-2025	5.95	3.57	0	3.57
Total				**1848.12**	**240.93**	**1607.192**